# കേരള സർവകലാശാല

നം. പി.ആർ.037/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സെഷണൽ/ സി.എ മാർക്ക് ഇംപ്രൂവ് ചെയ്യാം.

കേരള സർവകലാശാല ബി.ടെക് കോഴ്സ് പൂർത്തിയാക്കിയ (2012 അഡ്മിഷൻ) അഞ്ച് വർഷം കഴിഞ്ഞ, പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (ബി.ടെക് – ഈവൻ സെമസ്റ്റർ) വിഷയങ്ങളുടെ സെഷണൽ/ സി.എ മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിനുള്ള അവസരം നൽകും. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ ഇംപ്രൂവ്മെന്റ് പറ്റുകയുള്ളൂ. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഫെബ്രുവരി 26. വിജ്ഞാപനവും വിശദവിവരങ്ങളും അപേക്ഷാ ഫോമും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഫലം

2017 മെയിൽ നടത്തിയ മൂന്നും അഞ്ചും സെമസ്റ്റർ (കരിയർ റിലേറ്റഡ് 2013 അഡ്മിഷനു മുൻപുള്ളത്, സപ്ലിമെന്ററി, മേഴ്സി ചാൻസ്) ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും മാർച്ച് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

## സൂക്ഷ്മ പരിശോധനയ്ക്ക് ഹാജരാകണം

2017 ഫെബ്രുവരിയിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ടെക് (റഗുലർ/പാർട്ട്ടൈം/പാർട്ട്ടൈം-റീസ്ട്രക്ചേർഡ്) (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സൂക്ഷ്മ പരിശോധനയ്ക്കായി തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യേുഷൻ സെക്ഷനിൽ ഫെബ്രുവരി 19 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

## ബി.എ/ബി.എസ്സി/ബി.കോം/ബി.ബി.എ/ബി.സി.എ മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (ത്രീ മെയിൻ)/ബി.ബി.എ/ബി.സി.എ (റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ) കോഴ്സുകളിൽ 2008 വരെ അഡ്മിഷൻ എടുത്ത് പഠിച്ചിരുന്നവർക്കായി മേഴ്സി ചാൻസ് പരീക്ഷ നടത്തും. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 21, 50 രൂപ പിഴയോടെ ഫെബ്രുവരി 26, 125 രൂപ പിഴയോടെ മാർച്ച് ഒന്ന് വരെ ഓഫ്ലൈനായി ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.പി.എ വോക്കൽ, വയലിൻ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 19 മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
15.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**